

# പ്ലാച്ചിമടയിലെ സമരം നീതിബോധത്തിന്റെ, ഉണർവിന്റെ ചരിത്രം


**ബിനോയ് വിശ്വം**

(നാദാപുരം എം.എൽ.എ., സി.പി.ഐ.)


നാം എത്തി നിൽക്കുന്നത് ഭീതിദമായ യാഥാർത്ഥ്യങ്ങൾക്കു മുമ്പിലാണ്. ഒരിറ്റു വെള്ളത്തിനുവേണ്ടി മനുഷ്യൻ തൊണ്ടവരണ്ടു പരക്കം പായുന്ന ദിനങ്ങൾ തൊട്ടടുത്ത് നിന്ന് നമ്മെ തുറിച്ചു നോക്കുന്നു. ഭൂമി സർവ്വം സഹയല്ലെന്നും, പ്രകൃതിയുടെ ക്ഷമയ്ക്ക് അതിരുണ്ടെന്നും മനസ്സിലാക്കാൻ നമുക്കു വേണ്ടത്ര മുന്നറിയിപ്പുകൾ ലഭിച്ചു കഴിഞ്ഞു. പരിഷ്കൃതരെന്നു ഭാവിക്കുന്നവർ നടുക്കുന്ന സത്യങ്ങളോടു മുഖം തിരിച്ചു നിന്നപ്പോൾ പ്ലാച്ചിമടയിലെ പാവങ്ങൾ അവയ്ക്കു നെഞ്ചുകൊടുക്കുകയായിരുന്നു. ഭൂഗർഭത്തിലെ അവസാനതുള്ളി വെള്ളം വരെ ഊറ്റിയെടുത്ത് ലാഭം കുന്നുകൂട്ടാൻ ശ്രമിക്കുന്ന (കാ) കോള കുത്തകകളുടെ പെരുംകൊള്ളകളും നിഗൂഢ തന്ത്രങ്ങളും ലോകം അറിഞ്ഞത് ആ പാവങ്ങളുടെ നിഷ്കളങ്കമായ നീതിബോധം കൊണ്ടാണ്. പഠിപ്പും പത്രാസുമില്ലാത്ത ആ സ്ത്രീ-പുരുഷന്മാർ നാടിന് വിലപ്പെട്ട പാഠങ്ങളാണ് പറഞ്ഞുതരുന്നത്. പെരുമാട്ടി ഗ്രാമപഞ്ചായത്ത് ആ ജനങ്ങളുടെ താല്പര്യങ്ങൾ ഉയർത്തിപ്പിടിക്കുകയായിരുന്നു. കൊക്കോ-കോള കമ്പനിയുടെ ലൈസൻസ് പുതുക്കാതിരുന്നതിലൂടെ വളമെന്ന പേരിൽ വിഷം നൽകിയ കോള കമ്പനിയോട് പഞ്ചായത്ത് ആവശ്യപ്പെട്ടത് തങ്ങളുടെ ഉൽപാദനാവശിഷ്ടങ്ങൾ വിഷ വിമുക്തമാണെങ്കിൽ അത് തെളിയിക്കണമെന്നായിരുന്നു. ഒരു ഭൂപ്രദേശമാകെ മരുഭൂമിയാകും വിധം ഭൂഗർഭജലം ഊറ്റാൻ ലാഭകഴുകന്മാർ തുനിഞ്ഞിറങ്ങിയാൽ, അതു തടയാൻ ഗ്രാമപഞ്ചായത്തിന് അവകാശമില്ലേ ? ലൈസൻസ് പുതുക്കാതിരിക്കാനുള്ള പഞ്ചായത്ത് തീരുമാനത്തെ 'സ്റ്റേ' ചെയ്ത സർക്കാർ ആരുടെ സർക്കാരാണ് ? ജനങ്ങളുടേയോ, കോള കമ്പനികളുടേയോ ? കൊക്കോ-കോളയ്ക്കു വേണ്ടി 'സ്റ്റേ' യുടെ വാളുയർത്തിയ സർക്കാർ കുടിവെള്ളത്തിനുവേണ്ടി നാവുനീട്ടുന്ന ജനങ്ങൾക്കെതിരെയാണ് വാളുയർത്തുന്നത്.

ഭൂഗർഭ ജലത്തെക്കുറിച്ച് നമുക്കുള്ള പൊതുവിജ്ഞാനം എത്രയോ പരിമിതമാണ്! അടരുകൾക്കു താഴെ പ്രകൃതി സംവിധാനം ചെയ്ത ഭൂഗർഭജലം ഒരു ജൂണിലെ മഴകൊണ്ടുമാത്രം ഉണ്ടാകുന്നതല്ല. അതിന്റെ സ്രോതസ്സുകൾ തന്നെ വറ്റി വരണ്ടുപോകും വിധം ജലചൂഷണം നടത്തുന്ന ലാഭമോഹത്തിന്റെ ശക്തികൾ പലപ്പോഴും ശാസ്ത്രീയ സത്യങ്ങളെ വെല്ലുവിളിയ്ക്കുകയാണ്. "ലാഭമേവ ജയതേ" എന്ന പുതുമന്ത്രമോതുന്ന അക്കൂട്ടരുടെ വിനീതവിധേയരായി ഭരണകർത്താക്കൾ മാറുമ്പോഴാണ് - സത്യവും ശാസ്ത്രവും എല്ലാം തലകീഴായി നിർത്തപ്പെടുന്നത്. തെളിയിക്കപ്പെട്ട നിഗമനങ്ങളിലധിഷ്ഠിതമായ ജലനയം നമുക്ക് ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. അതിന്റെ അടിസ്ഥാന ലക്ഷ്യം കോളകമ്പനികളാകരുത്. ജനങ്ങൾക്ക് കുടിവെള്ളമില്ലാത്തിടത്ത് പെപ്സിയും, കൊക്കോയും ഭൂമി കുഴിച്ചു നടക്കാൻ അനുവദിക്കരുത്. "റൊട്ടിയില്ലെങ്കിൽ കേക്ക് തിന്നുകൂടേ ?" എന്നു ചോദിച്ച ഫ്രാൻസിലെ ചക്രവർത്തിനിയെ പോലെ "വെള്ളമില്ലെങ്കിൽ കോള കുടിച്ചുകൂടേ ?" എന്നു ചോദിക്കുന്നവരാകരുത് ജനാധിപത്യ വ്യവസ്ഥിതിയിലെ ഭരണക്കാർ.

വികസനവും പ്രകൃതിയും തമ്മിലുള്ള ജൈവബന്ധത്തിന്റെ പ്രശ്നങ്ങൾ നമ്മുടെ സാമൂഹിക ബോധത്തിന്റെ ഭാഗമാകേണ്ടതാണ്. 'വികസന മൗലികവാദ'വും 'പരിസ്ഥിതി മൗലികവാദ'വും പലപ്പോഴും ഇവിടെ കൊമ്പുകോർത്തിട്ടുണ്ട്. രണ്ടിന്റെയും നടുക്കാണ് സത്യം നിലകൊള്ളുന്നതെന്ന് എനിക്കു തോന്നിയിട്ടുണ്ട്. കേരളം മുന്നേറണമെങ്കിൽ കൃഷിയും വ്യവസായവും വാണിജ്യവും വളരണം. പക്ഷേ ആ വളർച്ച നമ്മുടെ കാടും പുഴയും മണ്ണും ഇല്ലാതാക്കികൊണ്ടാകരുത്. സീമകളില്ലാത്ത ലാഭമോഹത്തോടെ മുതലാളിത്തം എന്നും പ്രകൃതിയെ ബലാത്സംഗം ചെയ്തിട്ടേയുള്ളു. അതിന്റെ കെടുതികൾ നാം ഇന്ന് അനുഭവിച്ചു തുടങ്ങുകയാണ്. പ്രകൃതിയോടും പരിഃസ്ഥിതിയോടും പുച്ഛം പുലർത്തുന്ന വികസനമാതൃകകൾ പരാജയം വിധിക്കപ്പെട്ടവയാണ്. അവയോടു സ്നേഹാദരങ്ങൾ പുലർത്തുന്ന ബദൽ വികസന മാതൃകയ്ക്കു വേണ്ടിയുള്ള അന്വേഷണങ്ങൾ ശക്തിപ്പെട്ടേ തീരൂ. പുതിയ കാലഘട്ടത്തിലുണ്ടാകേണ്ട മാർക്സിസത്തിന്റെ സർഗാത്മകവികാസം ഈ ഘടകങ്ങളെ കൂടി കണക്കിലെടുത്തു കൊണ്ടാകണം എന്ന് ഞാൻ വിശ്വസിക്കുന്നു.

പ്രകൃതിവിഭവ ഓഡിറ്റിംഗിനായി ഒരു ജനകീയ കമ്മീഷൻ എന്ന ആശയം ഗൗരവതരമായി പരിഗണന അർഹിക്കുന്നു. അത്തരം ഒരു കമ്മീഷന്റെ ഉള്ളടക്കം, സ്വഭാവം, പ്രവർത്തന അജണ്ട, തുടങ്ങി നിരവധി കാര്യങ്ങളെ മുൻനിർത്തി വേണം ഈ ചർച്ച മുന്നോട്ടുപോകാൻ എന്നു തോന്നുന്നു.

എൻഡോസൾഫാൻ, കരിമണൽ ഖനനം, പുഴ മണൽ വാരൽ ഇതെല്ലാം കേരളത്തിലെ പുതിയ പരിസ്ഥിതി അവബോധവുമായി ബന്ധപ്പെട്ടവയാണ്. ബദൽ മാർഗങ്ങളെന്ത് എന്നതും ഇനിയങ്ങോട്ട് പ്രധാനമാണ്. ചാലിയാർ മാലിന്യ വിമുക്തമാകണമെങ്കിൽ മാവൂർ കമ്പനി പൂട്ടിയേതീരൂ എന്ന വാദഗതിയാണോ ശരി, മലിനീകരണ നിവാരണത്തിനുള്ള നടപടികൾ കമ്പനിയെക്കൊണ്ട് എടുപ്പിക്കാനുള്ള സംഘടിത സമ്മർദ്ദമാണോ ശരി - ഈ ചോദ്യങ്ങൾക്കു നടുവിൽ ബിർള മാനേജ്മെന്റ് കമ്പനി പൂട്ടി സ്ഥലം വിട്ടുകഴിഞ്ഞു. മലിനീകരണത്തിനെതിരായി ജനങ്ങളുയർത്തിയ ന്യായമായ വികാരവും കമ്പനി പൂട്ടണമെന്ന സ്വന്തം നിലപാടിനെ സാധൂകരിക്കാൻ മാനേജ്മെന്റ് ഉപയോഗപ്പെടുത്തി. അതാണ് കുത്തകമുതലാളിത്തം? പരിസ്ഥിതി പ്രവർത്തകരും ട്രേഡ് യൂണിയൻ പ്രസ്ഥാനവും ഈ വസ്തുതകളെയെല്ലാം മുൻവിധി കൂടാതെ പഠിക്കാനും വിലയിരുത്താനും തയ്യാറാകേണ്ടതുണ്ട്.

തെരഞ്ഞെടുപ്പിന്റെ തൊട്ടുമുമ്പു മാത്രമല്ല സാമൂഹിക സംവേദനത്തിനുള്ള എല്ലാ അവസരങ്ങളിലും ഈ വിഷയങ്ങൾ പ്രസക്തമാണ്. രാഷ്ട്രീയ പാർട്ടികൾക്കും ബഹുജനപ്രസ്ഥാനങ്ങൾക്കും തങ്ങളുടെ കാര്യപരിപാടിയിൽ ഇവയ്ക്കു സ്ഥാനം കൊടുക്കാതിരിക്കാൻ കഴിയാത്ത സ്ഥിതിയുണ്ടാകണം. പ്ലാച്ചിമടയിലെ ജനങ്ങൾ പ്രകടിപ്പിച്ച വെള്ളത്തിനു വേണ്ടിയുള്ള ഉണർവ്വിന്റെ ചരിത്രപരമായ പ്രാധാന്യം അതാണെന്ന് ഞാൻ വിശ്വസിക്കുന്നു.


*With best compliments from*

CENTRE FOR
POST GRADUATE STUDIES

P.G. Centre

North Bus Stand, Thrissur-20
Ph : 2338983, 2331714
e-mail : trc_postgrad@sancharnet.in.